കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിൻറെ 2008-2009,2009-2010,2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 - സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.1181/15/തസ്വഭവ. തിരുവനന്തപുരം,

തീയതി:20/04/2015

പരാമർശം:- 1) തലവടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/09/2014-ലെ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19/03/2015-ലെ L.F. 585/P.T1/2014-ാം നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിൻറെ 2008-2009,2009-2010,2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ഭവനപരിസരം മണ്ണിട്ടുയർത്തൽ എന്ന പദ്ധതിക്കായി ചെലവുചെയ്ത 3,32,000 രൂപ(മൂന്നുലക്ഷത്തിമുപ്പത്തിരണ്ടായിരം രൂപ) ആഡിറ്റ് തടസ്സപ്പെടുത്തുകയും നഷ്ടുക ഉത്തരവാദികളായ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങളിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 26/06/2014 ലെ 4ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , എന്നിവ സഹിതം പരാമർശം(1) പ്രകാരം ഗ്രാമപഞ്ചായത്ത് സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചെലവു ചെയ്യാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ നിർവ്വഹണോദ്യോഗസ്ഥനായ എൽ.വി.ഇ.ഒ.യുടെ മുന്നറിയിപ്പ് അവഗണിച്ചാണ് പ്രസ്തുത ചെലവ് നടത്തിയിട്ടുള്ളത് എന്നും സർക്കാർ മാർഗ്ഗരേഖ ലംഘിച്ച് നടത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ആയതിനാൽ കുട്ടനാട് താലൂക്ക് പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതപരിഗണിച്ച് ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമപഞ്ചായത്തിൻറെ 2008-2009,2009-2010,2011-2012 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ഭവനപരിസരം മണ്ണിട്ടുയർത്തൽ എന്ന പദ്ധതിക്കായി ചെലവുചെയ്ത 3,32,000 രൂപയ്ക്ക്(മൂന്നുലക്ഷത്തിമുപ്പത്തിരണ്ടായിരം രൂപ) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ, ആലപ്പുഴ
സെക്രട്ടറി, തലവടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്ര സിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ